**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *17 | 02.03.2020 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീശാക്തീകരണ പദ്ധതികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.കെ. ബാബു**<br>**ശ്രീമതി യു. പ്രതിഭ**<br>**ശ്രീ.ഡി.കെ. മുരളി**<br>**,, എം. നൗഷാദ്** | **കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) വനിതകളെ സാമ്പത്തികമായി ശാക്തീകരിച്ച് സാമൂഹ്യ തുല്യത കൈവരിക്കുന്നതിന് ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) വനിതകളെ സാമ്പത്തികമായി ശാക്തീകരിച്ച് സാമൂഹ്യതുല്യത കൈവരിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ വനിത ശിശു വികസന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.<br>1. അതിജീവിക<br>2. അഭയകിരണം<br>3. സഹായഹസ്തം<br>4. പടവുകൾ<br>5. വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായപദ്ധതി.<br>6. മംഗല്യ<br>അഭ്യസ്തവിദ്യരായ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത സംരംഭകശേഷി, വിവിധ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം എന്നിവ വർദ്ധിപ്പിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ വനിതാ വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്. |

| | |
|---|---|
| | **I. വനിതാ സംരംഭകർക്കുള്ള സംരംഭകത്വ വികസന പരിപാടി**<br>II. സ്വയം തൊഴിൽ നേടുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ (3.5% മുതൽ 6%) വായ്പാ സൗകര്യം<br>a) മുന്നോക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ (കേരള സർക്കാരിന്റെ ധന സഹായത്തോടെ)<br>b) പിന്നോക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ (NBCFDC യുടെ ധനസഹായത്തോടെ) വിദ്യാഭ്യാസ വായ്പ<br>c) ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികൾ (NMDFC യുടെ ധനസഹായത്തോടെ)<br>d) പട്ടിക ജാതി വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികൾ (NSFDC യുടെ ധനസഹായത്തോടെ)<br>III. അഭ്യസ്തവിദ്യരായ സ്ത്രീകളുടെ നൈപുണ്യശേഷി വികസനത്തിനായി താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1) **പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ - REACH**<br>2) **വനമിത്ര-ആദിവാസി വനിതകൾക്കായുള്ള നൈപുണ്യ വികസന പദ്ധതി.** |
| (ബി) ഒറ്റയ്ക്ക് യാത്രചെയ്യേണ്ടി വരുന്ന സ്ത്രീകൾക്കും ജോലി സംബന്ധമായും അല്ലാതെയും നഗരങ്ങളിൽ താമസിക്കേണ്ടി വരുന്ന സ്ത്രീകൾക്കും സുരക്ഷിത | (ബി) നിലവിലുണ്ട്. ഒറ്റയ്ക്ക് യാത്ര ചെയ്യേണ്ടി വരുന്ന സ്ത്രീകൾക്കും ജോലി സംബന്ധമായും അല്ലാതെയും നഗരങ്ങളിൽ താമസിക്കേണ്ടി വരുന്ന സ്ത്രീകൾക്കും രാത്രിയിൽ സുരക്ഷിത താമസ സൗകര്യം |

| | |
|---|---|
| താമസസൗകര്യം ഒരുക്കുന്നതിനായുള്ള പദ്ധതി നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ; | ഒരുക്കുന്നതിനായി 'എന്റെ കൂട്' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ടി സ്ഥാപനത്തിന്റെ പ്രവർത്തനസമയം രാത്രി 6.30 മണി മുതൽ പിറ്റേന്ന് രാവിലെ 7.30 മണി വരെയാണ്. രാത്രി 8 മണി വരെ പ്രവേശനം നേടുന്നവർക്ക് ഭക്ഷണം സൗജന്യമാണ്. കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലാണ് നിലവിൽ 'എന്റെ കൂട്' പ്രവർത്തിച്ചു വരുന്നത്. കോഴിക്കോട് നഗരത്തിൽ കസബ പോലീസ് സ്റ്റേഷനു സമീപമുള്ള കെട്ടിടത്തിലും തിരുവനന്തപുരം ജില്ലയിൽ തമ്പാനൂർ ബസ് ടെർമിനലിലെ KTDFC കെട്ടിടത്തിൽ 8-ാം നിലയിലും പ്രവർത്തിക്കുന്നു. എന്റെ കൂടിൽ പ്രവേശനം തികച്ചും സൗജന്യമാണ്.<br>സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി തലസ്ഥാന നഗരിയിൽ അടിയന്തിരാവശ്യങ്ങൾക്കായി വിവിധ ജില്ലകളിൽ നിന്ന് തനിച്ച് എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതമായ താമസസൗകര്യം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 'ഏകദിന വസതി' (One Day Home) തിരുവനന്തപുരത്ത് തമ്പാനൂർ KSRTC Terminal Station കെട്ടിട സമുച്ചയത്തിലെ 8-ാം നിലയിൽ തിരുവനന്തപുരം നഗരസഭയുടെ സംയുക്ത പങ്കാളിത്തത്തോടെ 2020 മാർച്ച് 7-ാം തീയതി പ്രവർത്തനം തുടങ്ങുന്നതാണ്. ഒരു ദിവസത്തേക്കാണ് പ്രവേശനം അനുവദിക്കുക. അടിയന്തിര സാഹചര്യങ്ങളിൽ 3 ദിവസം വരെ |

| | |
|---|---|
| | പ്രവേശനം അനുവദിക്കുന്നതാണ്. |
| | **സേഫ് സ്റ്റേ (SAFE STAY)** |
| | വനിതകളുടെ സാമൂഹിക, സാമ്പത്തിക ശാക്തീകരണത്തിന് അവരുടെ ചലനാത്മകത പ്രോത്സാഹിപ്പിക്കേണ്ടത് ഏറ്റവും ആവശ്യമാണ്. ആയതിനാൽ ഇദംപ്രഥമായി സഞ്ചരിക്കുന്ന വനിതകൾക്ക് സംസ്ഥാന വ്യാപകമായി ഹ്രസ്വകാല താമസ സൗകര്യം ഒരുക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങളിലാണ് വനിത വികസന കോർപ്പറേഷൻ. പ്രസ്തുത പദ്ധതിയിലൂടെ ഒറ്റയ്ക്ക് യാത്ര ചെയ്യുന്ന വനിതകൾക്ക് സുരക്ഷിതവും, വൃത്തിയുള്ളതും, മിതമായ നിരക്കിലും താമസ സൗകര്യം (ഹോസ്റ്റലുകൾ, ഹോട്ടലുകൾ എന്നിവ) ഉറപ്പാക്കാൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നു. ഇത്തരത്തിൽ ലഭ്യമാക്കുന്ന സേവനങ്ങൾ ഒരു മൊബൈൽ ആപ്ലിക്കേഷൻ വഴി കേരളത്തിലെ എല്ലാ വനിതകൾക്കും ആവശ്യാനുസരണം ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലാണ് കോർപ്പറേഷൻ പദ്ധതി വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാന വ്യാപകമായി വനിതകൾക്ക് സുരക്ഷിതമായ താമസ സൗകര്യം പ്രധാനം ചെയ്യാൻ കോർപ്പറേഷൻ ലക്ഷ്യം വെയ്ക്കുന്നു. |
| | **വനിതാ മിത്ര കേന്ദ്രം** |
| | സംസ്ഥാനത്തെ 14 ജില്ലാ കേന്ദ്രങ്ങളിലും ഹോസ്റ്റൽ സൗകര്യം, യാത്രയ്ക്കിടെ തങ്ങാനുള്ള രീതിയിൽ ലോഡ്ജിംഗ് സൗകര്യം, ഹോസ്റ്റൽ അന്തേവാസികളായ സ്ത്രീകളുടെ കുഞ്ഞുങ്ങൾക്ക് ക്രെഷ് സൗകര്യം, ഒറ്റപ്പെട്ടുപോയതോ/ഉപേക്ഷിക്കപ്പെട്ടതോ ആയ സ്ത്രീകളെ |

| | |
|---|---|
| | താൽക്കാലികമായി താമസിപ്പിക്കാനുള്ള ഷോർട്ട് സ്റ്റേ സൗകര്യം എന്നിവ സംയോജിപ്പിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ മിത്ര കേന്ദ്രം. ആദ്യ വനിതാ മിത്ര കേന്ദ്രം മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുൻസിപ്പാലിറ്റിയിൽ നിർമ്മാണം പുരോഗമിച്ചു വരുന്നു. സാമ്പത്തിക വർഷം 2020-21 ൽ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതാണ്. കൂടാതെ മറ്റ് ജില്ലകളിൽ വാടക കെട്ടിടങ്ങളിലും പദ്ധതി ആരംഭിക്കുന്നതിനാണ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്. |
| (സി) അഭ്യസ്തവിദ്യരായ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത, സംരംഭകശേഷി, വിവിധ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം എന്നിവ വർദ്ധിപ്പിക്കുന്നതിനും നൈപുണ്യശേഷി വികസനത്തിനും ഉള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) അഭ്യസ്തവിദ്യരായ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത സംരംഭകശേഷി, വിവിധ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം എന്നിവ വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>**I. വനിതാ സംരംഭകർക്കുള്ള സംരംഭകത്വ വികസന പരിപാടി**<br>വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനായി ബോധവത്ക്കരണ ക്ലാസുകളും സംരംഭകത്വ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളും തയ്യാറാക്കുകയും അത് നടപ്പിലാക്കുകയും ചെയ്തു വരുന്നു. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നിലവിൽ വനിതകൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. ദേശീയ കോർപ്പറേഷനുകൾ (മുന്നോക്ക/ന്യൂനപക്ഷ/പട്ടിക ജാതി) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനെ തൊഴിലധിഷ്ഠിത പരിശീലനം |

നടത്തുന്നതിനു വേണ്ടി സാമ്പത്തികമായി സഹായിച്ചു വരുന്നു. തൊഴിലധിഷ്ഠിത പരിശീലനം ലഭിക്കാത്ത വനിതകളെ കേന്ദ്രീകരിച്ച് തൊഴിലധിഷ്ഠിത പരിശീലനം നൽകുവാനും വനിതകളെ ...ിലെടുക്കുന്നതിന് പര്യാപ്തരാക്കുകയുമാണ് ...കത്വ വികസന പദ്ധതിയിലൂടെ ...രിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിനായി ...കം മൊഡ്യൂളുകൾ തയ്യാറാക്കി പദ്ധതി... കരിച്ചു വരുന്നു.

...്വയം തൊഴിൽ നേടുന്നതിനായി കുറഞ്ഞ പലിശ ...ിൽ (3.5% മുതൽ 6%) വായ്പാ സൗകര്യം

a) മുന്നോക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ (കേരള സർക്കാരിന്റെ ധന സഹായത്തോടെ)

b) പിന്നോക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ (NBCFDC യുടെ ധനസഹായത്തോടെ) വിദ്യാഭ്യാസ വായ്പ

c) ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികൾ (NMDFC യുടെ ധനസഹായത്തോടെ)

1. സ്വയംതൊഴിൽ വായ്പാ പദ്ധതി
2. വിദ്യാഭ്യാസ വായ്പ

d) പട്ടിക ജാതി വിഭാഗങ്ങൾക്കുള്ള വായ്പാ പദ്ധതികൾ (NSFDC യുടെ ധനസഹായത്തോടെ)

1. സ്വയംതൊഴിൽ വായ്പാ പദ്ധതി.
2.

| | |
|---|---|
| | അഭ്യസ്തവിദ്യരായ സ്ത്രീകളുടെ നൈപുണ്യശേഷി വികസനത്തിനായി താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1) **പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ - REACH**<br>REACH – റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ്. കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന വനിതകൾക്കായുള്ള ഫിനിഷിംഗ് സ്കൂൾ സംരംഭമാണ്. നിലവിൽ തിരുവനന്തപുരത്തും, കണ്ണൂരിലുമാണ് റീച്ച് പ്രവർത്തിച്ചു വരുന്നത്. പ്ലസ് 2 പാസ്സായ പെൺകുട്ടികൾക്കായി റീച്ച് സർട്ടിഫിക്കേഷൻ കോഴ്സിൽ പരിശീലനം നൽകുകയും, കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തൊഴിൽ അവസരം ലഭ്യമാക്കുകയും ചെയ്യുന്നു.<br>2) **വനമിത്ര-ആദിവാസി വനിതകൾക്കായുള്ള നൈപുണ്യ വികസന പദ്ധതി.**<br>കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ ആദിവാസി വനിതകളുടെ സമഗ്ര ശാക്തീകരണം ലക്ഷ്യമിട്ട് കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ നാല് ആദിവാസി ഊരുകളെ കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് വനമിത്ര. പ്രസ്തുത പദ്ധതിയുടെ ഭാഗമായി KIED, ATDC മുതലായ തയ്യൽ പരിശീലന കേന്ദ്രങ്ങൾ മുഖാന്തിരം വനിതകൾക്ക് പരിശീലനം നൽകുകയും തുടർന്ന് പതിനെട്ട് വനിതകൾക്ക് നിത്യവരുമാനം ലഭ്യമാകും വിധം തയ്യൽ കേന്ദ്രം ചക്കിട്ടപ്പാറയിൽ സ്ഥാപിക്കുകയും ചെയ്തു. ഇത് കൂടാതെ പട്ടികവർഗ്ഗ |

| | |
|---|---|
| | വികസന ഡയറക്ടറേറ്റിന്റെ സാമ്പത്തിക സഹായത്തോടെ 50 വനിതകൾക്ക് 2 കറവപ്പശുക്കൾ വീതം വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ